**<u>പത്രക്കുറിപ്പ്</u>**

**KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS**
T.C. 14/2036, VanrossJn,University P.O,
Thiruvananthapuram – 34
e-mail : pro.cpcr@gmail.com
Phone : 0471 – 2326603/04/05

04.01.2021

# മുതിർന്നവർ കുട്ടികളുടെ ഉടമകളല്ല: മന്ത്രി കെ.കെ ശൈലജ ടീച്ചർ

മുതിർന്നവർ കുട്ടികളുടെ ഉടമകളല്ലെന്ന് സംസ്ഥാന ആരോഗ്യം - വനിത - ശിശുവികസന വകുപ്പ് മന്ത്രി കെ. കെ ശൈലജ ടീച്ചർ പറഞ്ഞു. അച്ഛനമ്മമാർക്ക് കുട്ടികളോട് അടിമ - ഉടമ ബന്ധമല്ല ഉള്ളത്. വീട്ടുവേലയ്ക്കും ബാലവേലയ്ക്കും മറ്റും ദാരിദ്ര്യം മറയാക്കി ചെറിയ പൈസയ്ക്ക് കുട്ടികളെ വിൽക്കുന്ന സംഭവങ്ങൾ ഇപ്പോഴും അവിടവിടെ റിപ്പോർട്ട് ചെയ്യുന്നുണ്ട്. ഇത്തരം സംഭവങ്ങളിൽ രക്ഷിതാക്കൾ ശിക്ഷാർഹരാണെന്ന് അവരെ ബോദ്ധ്യപ്പെടുത്തേണ്ടതുണ്ടെന്ന് മന്ത്രി പറഞ്ഞു. സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ സംഘടിപ്പിക്കുന്ന ബാലസൗഹൃദകേരളം പദ്ധതിയുടെ ആദ്യപരിപാടി പാലക്കാട് ജില്ലയിലെ പുതുശ്ശേരി പഞ്ചായത്തിൽപ്പെട്ട വാളയാറിൽ ഓൺലൈനായി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കുട്ടികൾ പറയുന്ന പരാതികൾ രക്ഷിതാക്കൾ ശ്രദ്ധയോടെ കേൾക്കുകയും അവർ പറയുന്ന കാര്യങ്ങൾക്ക് അർഹമായ പരിഗണന കൊടുക്കുകയും ചെയ്താൽ ബാലലൈംഗിക പീഡനങ്ങൾ ഒരു പരിധി വരെ ഒഴിവാക്കാൻ കഴിയും. പല കൂട്ടുകുടുംബങ്ങളിലും കുട്ടികളെ ലൈംഗികമായി ദുരുപയോഗം ചെയ്യുന്ന വഴിതെറ്റിപ്പോയ മുതിർന്നവർ ഉണ്ട്. അതുപോലെ പാവപ്പെട്ടവരുടെ വീടുകളിൽ എത്തി കുട്ടികളെ ദുരുപയോഗം ചെയ്യുന്നവരും ഉണ്ട്. പല രക്ഷിതാക്കളും തങ്ങളുടെ കുട്ടികൾ അപമാനിക്കപ്പെട്ട സംഭവങ്ങൾ പുറത്തു പറയുന്നില്ല. അവരോട് ആവശ്യപ്പെട്ടാലും പരാതി എഴുതി നൽകാൻ കൂട്ടാക്കുന്നില്ല. രക്ഷിതാക്കൾ സഹകരിച്ചെങ്കിൽ മാത്രമേ ഉദ്യോഗസ്ഥർ ചെയ്യുന്ന പ്രവൃത്തികൾക്ക് ഫലമുണ്ടാകൂ. ഇത്തരം സംഭവങ്ങൾ തടയുന്നതിന് പ്രാദേശിക തലത്തിലുള്ള ജനപ്രതിനിധികളും പൊതുജനങ്ങളും ജാഗ്രത പാലിക്കേണ്ടതുണ്ട്.

ബാലസൗഹൃദ കേരളം പദ്ധതി ഈ ദിശയിൽ നിർണായകമായ ചുവടുവയ്പായി മാറുമെന്ന് ശൈലജ ടീച്ചർ പ്രത്യാശിച്ചു.

ചടങ്ങിൽ ഭരണപരിഷ്കാര കമ്മീഷൻ അദ്ധ്യക്ഷൻ വി. എസ് അച്യുതാനന്ദൻ എം.എൽ.എ എഴുതി നൽകിയ മുഖ്യസന്ദേശം വായിച്ചു. കമ്മീഷൻ ചെയർമാൻ കെ. വി മനോജ്കുമാർ അദ്ധ്യക്ഷനായി. ജില്ല പഞ്ചായത്ത് പ്രസിഡന്റ് കെ. ബിനുമോൾ മുഖ്യ പ്രഭാഷണം നിർവഹിച്ചു. പദ്ധതിയുടെ ബ്രാൻഡ് അംബാസഡർ ഗോപിനാഥ് മുതുകാട് വിവിധ പരിപാടികൾ അവതരിപ്പിച്ചുകൊണ്ട് വിഷയാവതരണം നടത്തി. ചർച്ചകളിൽ കമ്മീഷൻ അംഗങ്ങളായ ഫാ. ഫിലിപ്പ് പരക്കാട്ട്, ബി. ബബിത, ജുവനൈൽ ജസ്റ്റിസ് ബോർഡ് അംഗം എം.വി മോഹൻ, ജില്ല ശിശു ക്ഷേമ സമിതി സെക്രട്ടറി കെ. വിജയകുമാർ, പുതുശ്ശേരി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എൻ. പ്രസീത എന്നിവർ മോഡറേറ്റർമാരായി. കമ്മീഷൻ അംഗങ്ങളായ പി.പി ശ്യാമളാദേവി, സി. വിജയകുമാർ, റെനി ആന്റണി, സി.ഡബ്ല്യു.സി അംഗം അപർണ നാരായണൻ എന്നിവർ ക്ലാസുകൾ നയിച്ചു. മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.പി ബിജോയ്, വൈസ് പ്രസിഡന്റ് കെ. അജീഷ്, ത്രിതല പഞ്ചായത്ത് അംഗങ്ങളായ യു. പ്രഭാകരൻ, പത്മിനി ടീച്ചർ, സി. ജയകുമാർ, വനിത-ശിശു വികസന ഓഫീസർ പി. മീര, ഡി.സി.പി.ഒ എസ്. ശുഭ തുടങ്ങിയവർ സന്നിഹിതരായി.

പഞ്ചായത്തംഗങ്ങൾ, കുട്ടികളുടെയും സ്ത്രീകളുടെയും രംഗത്തെ സന്നദ്ധ പ്രവർത്തകർ, പോലീസ് സ്റ്റേഷനിലെ ചൈൽഡ് വെൽഫെയർ ഓഫീസർമാർ, സ്കൂളിലെ അധ്യാപക പ്രതിനിധികൾ, എ.ഇ.ഒ, അംഗൻവാടി വർക്കർമാർ, കുടുംബശ്രീ സി.ഡി.എസ്. പ്രവർത്തകർ, പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ പ്രതിനിധികൾ, തദ്ദേശ പഞ്ചായത്തിലെ ഉദ്യോഗസ്ഥ പ്രതിനിധികൾ, സ്കൂൾ കൗൺസലർമാർ, പി.റ്റി.എ. പ്രസിഡന്റുമാർ, മെഡിക്കൽ ഓഫീസർമാർ, സി.ഡബ്ല്യു.സി. ചെയർപേഴ്സൺ/മെമ്പർമാർ, ജെ.ജെ.ബി. മെമ്പർമാർ എന്നിവർ സംബന്ധിച്ചു. കോവിഡ് പ്രോട്ടോക്കോൾ പാലിച്ചാണ് യോഗം നടത്തിയത്.

## കുട്ടിയെ കാണാതായ സംഭവത്തിൽ ബാലാവകാശ കമ്മീഷൻ കേസെടുത്തു

അടൂർ മുളവന പള്ളിയറ പുത്തൻവീട്ടിൽ രാജു ജോണിന്റെ മകൻ റിനോയെ കാണ്മാനില്ലെന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ സ്വമേധയാ കേസെടുത്തു. ഇതുസംബന്ധിച്ച് അടൂർ സ്റ്റേഷൻ ഹൗസ്

ഓഫീസർ, പത്തനംതിട്ട ജില്ല ശിശുസംരക്ഷണ ഓഫീസർ എന്നിവരോട് കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ടു.

(No. 184/LA1/2020)

# മരണമടഞ്ഞ വിദ്യാർത്ഥിനിയുടെ വീട് ബാലാവകാശ കമ്മീഷൻ സന്ദർശിച്ചു

തിരുവനന്തപുരത്ത് സ്കൂളിൽ നിന്ന് മടങ്ങിയെത്തിയ ശേഷം ആത്മഹത്യ ചെയ്ത വിദ്യാർത്ഥിനിയുടെ വീട് സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർമാൻ കെ. വി മനോജ്കുമാർ, അംഗം സി. വിജയകുമാർ എന്നിവർ സന്ദർശിച്ചു. പരീക്ഷപ്പേടി ഇപ്പോഴും കുട്ടികളുടെ മരണകാരണമാകുന്നത് നിർഭാഗ്യകരമാണെന്ന് ചെയർമാൻ പറഞ്ഞു. കുട്ടിയുടെ സഹോദരിക്ക് ശരിയായ കൗൺസലിംഗ് നൽകണമെന്ന് കമ്മീഷൻ ജില്ല ശിശു സംരക്ഷണ ഓഫീസർക്ക് നിർദേശം നൽകി.

**പബ്ലിക് റിലേഷൻസ് ഓഫീസർ**